**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5162** **04-07-2024 - ൽ മറുപടിയ്ക്ക്**

**ചെങ്ങന്നൂർ റവന്യൂ ഡിവിഷനിൽ ഭൂമി തരം മാറ്റുന്നതിനായി ലഭിച്ച അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരമേറ്റശേഷം ചെങ്ങന്നൂർ റവന്യൂ ഡിവിഷനിൽ വീട് നിർമ്മിക്കുന്നതിനു വേണ്ടി ഭൂമി തരം മാറ്റുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കുമോ; | (എ) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഭൂമി തരം മാറ്റത്തിനായി ലഭിക്കുന്ന അപേക്ഷകൾ ഭവന നിർമ്മാണം, വാണിജ്യാവശ്യങ്ങൾ, വിദ്യാഭ്യാസ വായ്പ, വിവാഹം, ചികിത്സ എന്നിങ്ങനെ വ്യത്യസ്ഥ ആവശ്യങ്ങൾ രേഖപ്പെടുത്തി വരുന്നതാണ്. ഇത്തരത്തിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പ്രത്യേകം പ്രത്യേകം വേർതിരിച്ചല്ല തീർപ്പാക്കി വരുന്നത്. ആയതിനാൽ വീട് നിർമ്മിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ വേർതിരിച്ചെടുക്കുവാൻ നിലവിൽ ഓൺലൈൻ പോർട്ടലിൽ സംവിധാന മില്ലാത്തതാണ്. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ ഭൂമി തരംമാറ്റിയിട്ടുള്ളതും നിരസിച്ചിട്ടുള്ളതുമായ അപേക്ഷകൾ എത്രയെന്ന് അറിയിക്കുമോ? | (ബി) | സ്വഭാവ വ്യതിയാനത്തിനായി ലഭിച്ച 16714 അപേക്ഷകളിൽ 7353 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണ്. ആയതിൽ 6987 അപേക്ഷകൾ തരം മാറ്റം അനുവദിച്ചും 366 അപേക്ഷകൾ നിരസിച്ചും ഉത്തരവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ